**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **09-12-2022 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ കേന്ദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ കേന്ദ്രം ആരംഭിക്കുന്ന കൃഷിശ്രീ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | 2021-22 സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ബ്ലോക്ക് തലത്തിൽ എട്ട് കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി പ്രകാരം 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിന് 650.66808 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിശ്രീ സെന്ററുകളുടെ രൂപീകരണം, രജിസ്ട്രേഷൻ എന്നിവ പൂർത്തീകരണ ഘട്ടത്തിലാണ്. കൃഷിശ്രീ പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാർ പദ്ധതിയാണ്. |
| (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കങ്ങഴ പഞ്ചായത്ത് പരിധിയിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ? | (ബി) | 2022-23-ൽ കങ്ങഴ ഗ്രാമപഞ്ചായത്തിൽ കൃഷിശ്രീ സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ കൃഷിശ്രീ സെന്റർ ആരംഭിക്കുന്നതിന് നിശ്ചയിച്ച് കെട്ടിടവും മറ്റു സൗകര്യങ്ങളും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ